REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-07-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **അഞ്ചുരാഷ്ട്ര സന്ദർശനത്തിന്റെ മൂന്നാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അർജന്റീനയിലെത്തി. ഊഷ്മള വരവേൽപ്പ് നൽകി ബ്യൂണസ് ഐറിസിലെ ഇന്ത്യൻ സമൂഹം.**
- **രാജ്യത്തെ ആരോഗ്യരംഗം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര സഹമന്ത്രി ഡോ. എൽ.മുരുകൻ.**
- **മുഖ്യമന്ത്രി പിണറായി വിജയൻ ചികിത്സക്കായി അമേരിക്കയിലേക്ക് തിരിച്ചു.**
- **സംസ്ഥാനത്ത് രണ്ട് പേർക്ക് നിപ സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കി ആരോഗ്യ വകുപ്പ്.**
- **കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസന്റെ താരലേലം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.**

## വാർത്തകൾ വിശദമായി

അഞ്ചുരാഷ്ട്ര സന്ദർശനത്തിന്റെ മൂന്നാം ഘട്ടത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി രാവിലെ അർജന്റീന തലസ്ഥാനമായ ബ്യൂണസ് ഐറിസിൽ എത്തി. ബ്യൂണസ് ഐറിസിൽ പ്രധാനമന്ത്രിക്ക് അർജന്റീനയിലെ ഇന്ത്യൻ സമൂഹം ഊഷ്മളമായ വരവേൽപ്പ് നൽകി. ട്രിനിഡാഡ് ആൻഡ് ടൊബാഗോയിയിലെ സന്ദർശനം പൂർത്തിയാക്കിയാണ് പ്രധാനമന്ത്രി അർജന്റീനയിലെത്തിയത്.

ഗ്ലോബൽ സൗത്തുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് സന്ദർശനത്തിന്റെ ലക്ഷ്യം. 57 വർഷത്തിനിടെ ഒരു ഇന്ത്യൻ

പ്രധാനമന്ത്രിയുടെ അർജന്റീനയിലേക്കുള്ള ആദ്യ ഉഭയകക്ഷി സന്ദർശനമാണിത്.

പ്രധാനമന്ത്രി വൈകിട്ട് അർജന്റീനൻ പ്രസിഡന്റ് ജാവിയർ മിലിയുമായി കൂടിക്കാഴ്ച്ച നടത്തും. നയതന്ത്ര പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിനും സഹകരണം ഉറപ്പാക്കുന്നതും ലക്ഷ്യമിട്ടാണ് കൂടിക്കാഴ്ച്ച. ഇരു നേതാക്കളും തമ്മിലെ അവസാന കൂടിക്കാഴ്ച കഴിഞ്ഞ നവംബറിൽ ബ്രസീലിലെ റിയോ ഡി ജനീറോയിൽ നടന്ന ജി-20 ഉച്ചകോടി ക്കിടെയായിരുന്നു.

✪✪✪

സാംസ്കാരിക ബന്ധങ്ങൾക്ക് ദൂരം തടസ്സമല്ലെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. നാട്ടിൽ നിന്ന് ആയിരക്കണക്കിന് കിലോമീറ്റർ അകലെയാണെങ്കിലും, ഇന്ത്യൻ സമൂഹത്തിലൂടെ രാജ്യത്തിന്റെ ആത്മാവ് പ്രകാശിക്കുന്നത് കാണുന്നത് ഹൃദയസ്പർശിയാണെന്നും അർജന്റീനയിലെ ബ്യൂണസ് ഐറിസിൽ എത്തിയ പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

✪✪✪

അർജന്റീനയിൽ നിന്ന് ബ്രസീലിലേക്ക് തിരിക്കുന്ന പ്രധാനമന്ത്രി, റിയോ ഡി ജനീറോയിൽ നാളെയും മറ്റന്നാളും നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുക്കും. ആറ് പതിറ്റാണ്ടുകൾക്ക് ശേഷം ഇതാദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ബ്രസീലിലെത്തുന്നത്.

ഉച്ചകോടിക്കിടെ ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാഷിയോ ലുല ഡ സിൽവയുമായും മറ്റ് ആഗോള നേതാക്കളുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. വാണിജ്യ വ്യവസായ വിദഗ്ധരുമായി കൂടിക്കാഴ്ച്ച നടത്തുന്ന പ്രധാനമന്ത്രി ബിസിനസ് ഫോറത്തെയും അഭിസംബോധന ചെയ്യും.

✪✪✪

കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്ത് 88 പുതിയ വിമാനതാവളങ്ങൾ നിർമിച്ചതായി കേന്ദ്രമന്ത്രി റാം മോഹൻ നായിഡു പറഞ്ഞു. രാജ്യത്ത് വ്യോമസഞ്ചാരം കൂടുതൽ എളുപ്പവും ചെലവുകുറഞ്ഞതുമായെന്നും കേന്ദ്രമന്ത്രി ന്യൂഡൽഹിയിൽ പറഞ്ഞു.

വ്യോമമേഖലയിലെ നേട്ടങ്ങളെ പ്രകീർത്തിച്ച റാം മോഹൻ നായിഡു വ്യോമപ്രവർത്തനങ്ങളിൽ സുരക്ഷക്കാണ് മുൻഗണന നൽകുന്നതെന്നും വ്യക്തമാക്കി.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ നാളെ കേരളത്തിലെത്തും. മറ്റന്നാൾ അദ്ദേഹം  ഗുരുവായൂർ ക്ഷേത്രം സന്ദർശിക്കും. ഇതിന്റെ ഭാഗമായി ക്ഷേത്രത്തിൽ 2 മണിക്കൂർ ദർശന ക്രമീകരണം ഏർപ്പെടുത്തും.

ഉപരാഷ്ട്രപതിയുടെ സുരക്ഷാ മുന്നൊരുക്കത്തിന്റെ ഭാഗമായി രാവിലെ 8 മുതൽ പത്തു വരെ വിവാഹം, ചോറൂൺ, ക്ഷേത്രദർശനം എന്നിവയ്ക്ക് നിയന്ത്രണമുണ്ടാകും. വിവാഹം, ചോറൂൺ എന്നിവ രാവിലെ 7നു മുമ്പോ 10ന് ശേഷമോ നടത്തേണ്ടതാണ്. വിവാഹങ്ങൾ നടത്തുന്നതിനായി കൂടുതൽ വിവാഹ മണ്ഡപങ്ങൾ ഏർപ്പെടുത്തും.

ഉപരാഷ്ട്രപതിയുടെ സന്ദർശനം കഴിയുന്നതുവരെ തെക്കേ നടയുടെ ഇരുവശങ്ങളിലുമുള്ള കടകൾ തുറക്കാൻ അനുവാദമില്ല.

✪✪✪

രാജ്യത്തെ ആരോഗ്യരംഗം അനുദിനം വളർന്നുകൊണ്ടിരിക്കുകയാണെന്ന് കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ വകുപ്പ് സഹമന്ത്രി ഡോ. എൽ.മുരുകൻ പറഞ്ഞു.    ദക്ഷിണേന്ത്യ മെഡിക്കൽ ടൂറിസത്തിന്റെ പ്രധാന കേന്ദ്രമായി മാറുന്നുവെന്നും ആഗോള നിലവാരത്തിലുള്ള ആരോഗ്യ സംവിധാനങ്ങളാണ് ഇന്ന് രാജ്യത്തുള്ളതെന്നും അദ്ദേഹം തിരുവനന്തപുരത്ത് പറഞ്ഞു. കഴക്കൂട്ടം അൽ-സാജ് കൺവെൻഷൻ സെന്ററിൽ ശ്രീ ഉത്രാടം തിരുന്നാൾ അക്കാദമി ഓഫ് മെഡിക്കൽ സയൻസസിന്റെ 14-ാമത് ബിരുദദാന ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രസഹമന്ത്രി.

2014ന് മുൻപ് രാജ്യത്ത് 387 മെഡിക്കൽ കോളേജുകൾ മാത്രമാണ് ഉണ്ടായിരുന്നതെന്നും പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ 10 വർഷം കൊണ്ട് രാജ്യത്തെ മെഡിക്കൽ കോളേജുകളുടെ എണ്ണം 776 ആയെന്നും  എൽ.മുരുകൻ പറഞ്ഞു.

✪✪✪

തുടർ ചികിത്സക്കായി മുഖ്യമന്ത്രി പിണറായി വിജയൻ അമേരിക്കയിലേയ്ക്ക് തിരിച്ചു. അദ്ദേഹം പത്ത് ദിവസം അമേരിക്കയിൽ തങ്ങും. ദുബായ് വഴിയാണ് യാത്ര. നേരത്തെയും ചികിത്സക്കായി മുഖ്യമന്ത്രി അമേരിക്കയിൽ പോയിട്ടുണ്ട്.

✪✪✪

വിവരാവകാശ നിയമ പ്രകാരമുള്ള ജോലികളിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തിയാൽ നഷ്ടപരിഹാരം നല്കേണ്ടത് വകുപ്പാണെന്ന് സംസ്ഥാന വിവരാവകാശ കമ്മിഷൻ. പൊതു അധികാര സ്ഥാനം എന്ന നിലയിൽ ഓഫീസ് ആസ്ഥാനമാണോ വകുപ്പു ആസ്ഥാനമാണോ ഈ ചുമതല നിർവഹിക്കേണ്ടത്

എന്നതിൽ വ്യക്തത വരുത്തിയാണ് സംസ്ഥാന വിവരാവകാശ കമ്മിഷണർ ഡോ.എ. അബ്ദുൽ ഹക്കീമിന്റെ ഉത്തരവ്.

കൊല്ലം ഈസ്റ്റ് വില്ലേജിലും കൊല്ലം താലൂക്ക് ഓഫീസിലും നടന്ന ഒരു പോക്കുവരവിന്റെ രേഖ ആവശ്യപ്പെട്ട അപേക്ഷകന് അത് ലഭിക്കാതായ കേസ് തീർപ്പാക്കിയാണ് കമ്മീഷന്റെ ഉത്തരവ്.

✪✪✪

മലയാളികളുടെ പ്രിയ എഴുത്തുകാരൻ വൈക്കം മുഹമ്മദ് ബഷീറിന്റെ അനുസ്മരണ ദിനം ഇന്ന്. ബേപ്പൂരിലെ വൈലാലിൽ വീട്ടിൽ നടന്ന ചടങ്ങ് മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്തു. ബഷീറിന്റെ ജൻമദിനത്തോട് അനുബന്ധിച്ച് ബേപ്പൂരിൽ 'ബഷീർ ഉത്സവം' സംഘടിപ്പിക്കുമെന്നും അടുത്ത ജനുവരി മാസത്തിനകം ബഷീർ സ്മാരകം യാഥാർത്ഥ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

ബേപ്പൂർ ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാരംഗം കലാവേദിയും മാജിക് വേൾഡും ബേപ്പൂർ പബ്ലിക് ലൈബ്രറിയും ചേർന്ന് ഒരുക്കുന്ന ബഷീർ മാജിക് ഉത്സവത്തിൽ വൈകിട്ട് മാജിക് ഷോയും, കരോക്കെ ഗാനമേളയും വീഡിയോ പ്രദർശനവും നടക്കും.

✪✪✪

സംസ്ഥാനത്ത് രണ്ട് പേർക്ക് നിപ സ്ഥിരീകരിച്ചതോടെ മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിൽ ആരോഗ്യ വകുപ്പ് ജാഗ്രത ശക്തമാക്കി. മൂന്ന് ജില്ലകളിലും കണ്ട്രോൾ റൂമുകൾ തുറന്നു. നിപ സ്ഥിരീകരിച്ച രണ്ട് പേരുടെയും റൂട്ട് മാപ്പ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ സ്ഥലങ്ങളിൽ ഉണ്ടായിരുന്നവർ അധികൃതരെ വിവരമറിയിക്കണമെന്ന് ആരോഗ്യവകുപ്പ് നിർദേശം നൽകി.

നിപ സമ്പർക്കപ്പട്ടികയിൽ ആകെ 345 പേരാണ് ഉള്ളതെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറത്ത് 211 പേരും പാലക്കാട് 91 പേരും കോഴിക്കോട് 43 പേരുമാണ് സമ്പർക്കപ്പട്ടികയിലുള്ളത്.

കോഴിക്കോട് സമ്പർക്കപ്പട്ടികയിൽ ഉള്ളവർ ആരോഗ്യ പ്രവർത്തകരാണ്.

✪✪✪

പാലക്കാട് തച്ചനാട്ടുകര നാട്ടുകൽ സ്വദേശിനിക്ക് നിപാ സ്ഥീരികരിച്ച സാഹചര്യത്തിൽ മഞ്ചേരി മെഡിക്കൽ കോളേജ് ആശുപത്രിയിൽ ഐസൊലേഷൻ വാർഡ് തുറന്നു. പേവാഡ് ബ്ലോക്കാണ് ഐസൊലേഷൻ വാർഡാക്കി മാറ്റിയത്. വെന്റിലേറ്റർ സൗകര്യത്തോടെ 30 ബെഡുകളാണ് ഒരുക്കിയത്. 9 ഐസിയു ബെഡുകളും 5 വെന്റിലേറ്ററും വാർഡിൽ ഒരുക്കി.

യുവതി ഇവിടെ ചികിത്സയിലാണ്. ഇവരുമായി സമ്പർത്തിലുള്ളവരെ നിരീക്ഷിക്കും.

നിരീക്ഷണത്തിൽ പ്രവേശിക്കുന്നവരുടെ സ്രവം മഞ്ചേരി മൈക്രോബയോളജി ലാബിൽവച്ചുതന്നെ പരിശോധിക്കും. വൈറസ് സാന്നിധ്യം കണ്ടെത്തിയാൽ സ്ഥിരീകരിക്കാനായി പുണെ വൈറോളജി ലാബിലേക്കയക്കും.

✪✪✪

കോഴിക്കോട് ജില്ലയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ ചികിത്സ തേടിയ ശേഷം മരിച്ച രോഗിക്ക് നിപ സ്ഥിരീകരിച്ചെങ്കിലും അവർക്ക് പൊതുജനങ്ങളുമായി സമ്പർക്കമുണ്ടായിട്ടില്ലെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. സംഭവവുമായി ബന്ധപ്പെട്ട് 43 ആരോഗ്യപ്രവർത്തകർ മാത്രമാണ് നിരീക്ഷണത്തിലുള്ളത്. അതിനാൽ ജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്നും മെഡിക്കൽ ഓഫീസർ പറഞ്ഞു.

✪✪✪

നിപ പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാലക്കാട് ജില്ലയിലെ തച്ചനാട്ടുകാര, കരിമ്പുഴ പഞ്ചായത്തുകളിൽ നിയന്ത്രണങ്ങൾ നിലവിൽ വന്നു.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി ഫൈസൽ അലി മുത്ത്.

.......വോയ്സ്......

പ്രദേശത്തെ 3 കിലോമീറ്റർ ചുറ്റളവിൽ 6 വാർഡുകളാണ് കണ്ടെയ്ൻമെന്റ് സോനായി പ്രഖ്യാപിചിരിക്കുന്നത്. ഇവിടങ്ങളിലേക്കുള്ള റോഡുകൾ അടച്ചു. പുറത്തു നിന്നുള്ളവരുടെ പ്രവേശനത്തിന് കർശനമായ നിയന്ത്രണമാണ് ഏർപ്പെടുത്തിയിരിക്കുന്നത്. എല്ലാ വിദ്യാഭ്യാസ സ്ഥാപങ്ങൾക്കും അവധി നൽകിയിരിക്കുകയാണ്.

ക്ളാസുകൾ ഓൺലൈനായി നടത്തും.വ്യാപാര സ്ഥാപനങ്ങൾക്ക് രാവിലെ 8 മുതൽ വൈകീട്ട് 6 വരെ മാത്രമാണ് പ്രവർത്തിക്കാൻ അനുമതി നൽകിയിരി ക്കുന്നത്.

പ്രദേശത്തുള്ളവരുടെ മൂന്നാഴ്ച മുൻപ് വരെയുള്ള രോഗ വിവരങ്ങൾ ശേഖരിക്കാൻ ആരോഗ്യ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. ജില്ലയിൽ നിപ്പ സ്ഥിരീ കരിച്ച സാഹചര്യത്തിൽ ജില്ലാ ആശുപത്രിയിലും ജില്ലാ വനിതാ ശിശു ആശുപത്രിയിലും സന്ദർശകരെ അനുവദിക്കില്ലെന്നും ആരോഗ്യ വകുപ്പ് അറിയിച്ചിട്ടുണ്ട്.

✪✪✪

കേരള ക്രിക്കറ്റ് ലീഗ് രണ്ടാം സീസന്റെ താരലേലം തിരുവനന്തപുരത്ത് തുടങ്ങി. മന്ത്രി വി ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.  സഞ്ജു വി സാംസണെ 26 ലക്ഷത്തി 80,000 രൂപയ്ക്ക് കൊച്ചി ബ്ലൂ ടൈഗേഴ്സ് സ്വന്തമാക്കി. ജലജ് സക്സേനയെ 12ലക്ഷത്തി 40,000 രൂപയ്ക്ക് ആലപ്പി റിപ്പിൾസ് സ്വന്തമാക്കി.

അബ്ദുൾ ബാസിത്തിനെ അദാനി ട്രിവാൺട്രം റോയൽസും, വിനോദ്കുമാറിനെയും വരുൺ നായനാരെയും തൃശൂർ ടൈറ്റൻസും, വിഷ്ണു വിനോദിനെ ഏരീസ് കൊല്ലം സെയ്ലേഴ്സും സ്വന്തമാക്കി. വൈകിട്ട് 6ന് ലേലനടപടികൾ അവസാനിക്കും.

✪✪✪

ബർമിംഗ്ഹാമിൽ ഇംഗ്ലണ്ടിന് എതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിന്റെ നാലാം ദിനം ഇന്ത്യ രണ്ടാം ഇന്നിംഗ്സ് പുനരാരംഭിക്കും. ഉച്ചകഴിഞ്ഞ് 3.30നാണ് മത്സരം.

മൂന്നാം ദിനമായ ഇന്നലെ രണ്ടാം ഇന്നിംഗ്സ് ബാറ്റിംഗ് ആരംഭിച്ച ഇന്ത്യ ഒരു വിക്കറ്റ് നഷ്ടത്തിൽ 64 റൺസെടുത്തു. ഇന്ത്യക്ക് നിലവിൽ 244 റൺസിന്റെ ലീഡുണ്ട്. ഒന്നാം ഇന്നിംഗ്സിൽ ഇന്ത്യ 587 റൺസും ഇംഗ്ലണ്ട്  407 റൺസുമാണ് നേടിയത്.

✪✪✪

കോട്ടയം മെഡിക്കൽ കോളജിൽ കെട്ടിടം തകർന്ന് വീട്ടമ്മ മരിച്ച സംഭവത്തിൽ, മന്ത്രി വീണ ജോർജിന്റെ രാജി ആവശ്യപ്പെട്ട് BJP പ്രവർത്തകർ കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് മാർച്ച് നടത്തി. മാർച്ച് മെഡിക്കൽ കോളേജിന് മുന്നിൽ പൊലീസ് തടഞ്ഞു. ബാരിക്കേഡ് മറികടന്ന് പ്രവർത്തകർ മുന്നോട്ട് നീങ്ങാൻ ശ്രമിച്ചത് പോലീസും പ്രവർത്തകരും തമ്മിൽ ഉന്തും തള്ളിനും ഇടയാക്കി.  പാർട്ടി മുൻ സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രൻ മാർച്ച് ഉദ്ഘാടനം ചെയ്തു.

✪✪✪

കണ്ണൂർ തളിപ്പറമ്പ് രാജരാജേശ്വര ക്ഷേത്രത്തിൽ നിർമ്മിച്ച പൂർണകായ ശിവ ശില്പം വൈകിട്ട് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അനാവരണം ചെയ്യും. ശില്പി ഉണ്ണി കാനായി ആണ് 14 അടി ഉയരമുള്ള വെങ്കല ശില്പം നിർമിച്ചത്. വ്യവസായി മൊട്ടമ്മൽ രാജനാണ് ശില്പം ക്ഷേത്രത്തിന് സമർപ്പിക്കുന്നത്.

✪✪✪

സംസ്ഥാനത്തെ വടക്കൻ ജില്ലകളിൽ ഇന്നും മഴ ശക്തമാകുമെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. ഇന്ന് എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദേശമുണ്ട്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സയ്യിദ് അലി ശിഹാബ്*
*CNRT: രജ്ന കെ*
*DEO : സി കെ സുബോധ്*